# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 755** **29.09.2016-ൽ മറുപടിക്ക്**

## കണ്ണങ്ങാട്ട്- ഐലന്റ് പാലം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ. ജി. സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട് - ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ തൽസ്ഥിതി വിശദമാക്കാമോ; | (എ) പാലത്തിന്റെ 17 സ്പാനുകളിൽ 14 എണ്ണവും പൂർത്തീകരിച്ചു. 51 ബീമുകളിൽ 50 എണ്ണം പൂർത്തീകരിച്ചു. കണ്ണങ്ങാട്ട് ഭാഗത്ത് ബോക്സ് കൾവർട്ടിന്റെ പണി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള ഫൗണ്ടേഷൻ പണികൾ ആരംഭിച്ചു. പ്രവൃത്തികൾ പുരോഗതിയിലാണ്. |
| (ബി) പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) 2016 നവംബർ മാസത്തോടെ പാലം പണി (അപ്രോച്ച് റോഡ് ഒഴികെ) പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ഇത് പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (ഡി) അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി സ്ഥലം ഉടമകൾക്ക് നൽകേണ്ട വിലയുടെ കാര്യത്തിൽ റവന്യൂ വകുപ്പിന്റെ തീരുമാനത്തിന് വിധേയമായി മാത്രമേ അപ്രോച്ച് റോഡ് പൂർത്തീകരിക്കുവാൻ കഴിയൂ. സ്ഥലമെടുപ്പ് പ്രക്രിയകൾ പൂർത്തീകരിച്ചാൽ മൂന്നു മാസത്തിനുള്ളിൽ പാലംപണി പൂർണ്ണമായും പൂർത്തീകരിക്കുവാൻ കഴിയും. |

(ഇ) പാലത്തിന്റെ അംഗീകാരം നൽകിയിട്ടുള്ള അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അലൈൻമെന്റിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(എഫ്) ഈ പാലം എപ്പോൾ ഗതാഗതത്തിനായി തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എഫ്) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചാൽ 3 മാസത്തിനകം അപ്രോച്ച് റോഡിന്റെ ജോലികൾ പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാവാൻ കഴിയും.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**